| Extraordinary Gazette Date:- 29.12.2018 |
|---|
| Last Date:- 30.01.2019 |
| Category No: 356/2018 |

**FIRST NCA NOTIFICATION**

Applications are invited through 'One Time Registration' facility exclusively from qualified candidates belonging to reservation group of LC/AI community in the State of Kerala for appointment in the under mentioned post. Candidates who have already registered can apply through their profile.

1. **Department** : **Animal Husbandry**

2. **Name of post** : **Livestock Inspector Gr. II / Poultry Assistant/ Milk Recorder / Store Keeper / Enumerator**

3. **Scale of pay** : R. **20000-45800/-**
4. **Number of vacancies** : **District wise**
   LC/AI Idukki - 01 (One)
   LC/AI Alappuzha-01(One)

**Note** (i) Applications submitted by candidates belonging to the community other than those notified will be summarily rejected. No rejection memo will be issued to these candidates.

(ii) A Ranked List will be prepared for the above districts in pursuance of this notification. Ranked List thus prepared and published by the Commission shall remain in force for three years or until candidates are advised and appointed against the vacancies earmarked for the above community unfilled due to paucity of candidates during the currency of the Ranked List, whichever is earlier.

| Name of District | Date of Publication of Ranked List | Category No. |
|---|---|---|
| Idukki | 29/12/2010 | 132/2008 |
| Alappuzha | 09/05/17 | 68/2014 |

(iii) The selection in pursuance of this notification will be made on a Revenue District basis, subject to the special conditions laid down in G.O (MS) No. 154/71/PD dated 27.05.1971. A candidate advised for appointment in one Revenue District from the Ranked List prepared is not eligible for transfer to another district unless he/she completes five years continuous service from the date of commencement of service in the former district. Even if transfer is allowed after five years, it will be subject to the rules in G O (P) No. 36/91/P&ARD, dated 2.12.1991. But as per G.O (P) No. 12/96/P&ARD dated 16.03.1996, the condition of 5 years service is not applicable for the transfer to the Districts of Idukki, Wayanad and Kasaragod. This concession will be available only for getting transfer into these districts, but not for getting transfer out of these districts and this concession will be granted only once in the career of Government Servant. Candidates already in Government Service holding the same post in the same department in any one district are prohibited from applying again for this post, but they can apply to higher posts when notified.

(iv) Candidates recruited by the Commission shall be appointed to the service provisionally and they shall undergo the Stockman training course / Livestock Inspector training course. After the successful completion of training, their provisional appointment will be regularized from the date of first appointment treating their training period as regular service. Those who do not complete the course successfully in the first attempt shall be allowed 3 (Three) more chances to complete the course successfully. In the case of candidates who fail to complete the course successfully even in the fourth attempt, their provisional appointment shall be terminated and they shall be discharged from service. There shall be no re-ranking of candidates based on the marks secured by them during the training.

(v) Candidate selected will have to execute a bond in the prescribed form to serve the Government of Kerala for a minimum period of 5 years after the regular appointment. Those who leave the service in between or during training are liable to pay for the damage if any fixed by the Government.

(vi) Each trainee will have to produce a certificate (in original) of

physical fitness from a Medical Officer not below the rank of Assistant Surgeon. This certificate need be produced as and when called for by the Commission.

(vii) *If the community claim in the application differs from the community noted in SSLC, then such changes are to be published in the gazette on or before the date of verification of original documents and the same should be produced along with the Community Certificate/Non creamy layer certificate issued by the Revenue authorities at the time of One Time Verification or as and when required by the commission.*

5. **Method of appointment** :- Direct Recruitment (From candidates belonging to LC/AI, community)

6. **Age Limit** :- 18-39 (Candidates born between 02.01.1979 and 01.01.2000 (both dates included) are eligible to apply for this post. (Including the relaxation as per Para 2(i) of the General Condition).
*Note:- (For other condition regarding the age relaxation please see Para 2 of the General Conditions of Gazette Notification except Para 2(i).*

7. **Qualifications:-**
**A pass in VHSE with Livestock Management as main Subject.**

Note:-1) Differently Abled persons are not eligible for appointment to the post.
2) KS&SSR Part II Rule 10(a) (ii) is applicable for selection to the post.
*3) Those who claim equivalent qualification shall produce the respective Government Order to prove the claim at the time of "One Time Verification" or as required by the Commission*

8. **Mode of submitting Applications** :-
Candidates must register as per " ONE TIME REGISTRATION" scheme through the Official Website of Kerala Public Service Commission 'www.keralapsc.gov.in' before applying for the post. Candidates who have already registered can apply by logging in to their profile using their User-ID and password. Candidates must click on the `Apply Now' button of the respective posts in

the Notification Link to applying for a post. The photograph uploaded should be one taken on or after 31/12/2010. Name of the candidate and the date of taking photograph should be printed at the bottom portion. The photograph once uploaded meeting all requirements shall valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates shall take a printout of the application by clicking the link Registration Card in their profile. Candidates are responsible for the correctness of the personal information and secrecy of password. Before the final submission of the application on the profile, candidates must ensure the correctness of the information on their profile. They must quote their User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. The Application will be summarily rejected if noncompliance with the notification is found in due course of processing. Documents to prove Qualification, Experience, Community, age etc. have to be produced as and when called for. **Candidates who have AADHAAR card should add AADHAAR card as I.D. Proof in their profile.**

9. **Last date of receipt of applications** :.30.01.2019 Wednesday upto 12 midnight.
10. **Address to which applications are to be sent** : www.keralapsc.gov.in.
11. If Written Test/OMR/Online Examination is conducted as a part of this selection, candidates shall submit a confirmation for writing the examination through their One Time Registration profile. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The applications of candidates who do not submit confirmation within the stipulated period will be rejected absolutely. The periods regarding the submission of confirmation and the availability of Admission Tickets will be published in the Examination Calender itself. Information in this regard will be given to the candidates in their respective profiles and in the mobiles phones registered in it. Candidates who have downloaded the Admission Ticket will alone be permitted to attend the examination.

    (For details including Photo, ID Card etc please see the General Conditions given below as Part II of this Notification).

**SAJU GEORGE,**
**SECRETARY,**
**KERALA PUBLIC SERVICE COMMISSION**

കാറ്റഗറി നമ്പർ:

# കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**ഒന്നാം എൻ.സി.എ. വിജ്ഞാപനം**

താഴെപ്പറയുന്ന തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള എൽ.സി/എ.ഐ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രമായി ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനം മുഖേന അപേക്ഷകൾ ക്ഷണിക്കുന്നു. ഇതിനോടകം രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കേണ്ടതാണ്.

1. വകുപ്പ് : മൃഗസംരക്ഷണം
2. ഉദ്യോഗപ്പേര് : ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് - II /പൗൾട്രി അസിസ്റ്റന്റ് / മിൽക്ക് റെക്കാർഡർ / സ്റ്റോർകീപ്പർ / എന്യൂമറേറ്റർ
3. ശമ്പളം : ` **20000-45800**/-രൂപ

: **ജില്ലാടിസ്ഥാനത്തിൽ**

എൽ .സി./എ.ഐ. - ഇടുക്കി - 01 (ഒന്ന്)

എൽ.സി./എ.ഐ ആലപ്പുഴ -01(ഒന്ന് )

കുറിപ്പ്

(i) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്. ഇത്തരത്തിൽ അപേക്ഷ നിരസിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് പ്രത്യേകമായി നിരസന അറിയിപ്പ് അയക്കുന്നതല്ല.

(ii) ഈ വിജ്ഞാപനപ്രകാരം മുകളിൽ സൂചിപ്പിച്ച ജില്ലകൾക്ക് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. ഇപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി റാങ്ക് പട്ടിക നിലവിൽ വരുന്ന തീയതിമുതൽ 3 വർഷം വരെയോ, ഈ തസ്തികയ്ക്ക് താഴെപ്പറയുന്ന തീയതികളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെയോ, എതാണോ ആദ്യം ഈ തീയതിവരെ റാങ്ക് പട്ടികക്ക് പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

| ജില്ലയുടെ പേര് | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | കാറ്റഗറി നമ്പർ |
|---|---|---|
| ഇടുക്കി | 29/12/2010 | 132/2008 |
| ആലപ്പുഴ | 09/05/17 | 68/2014 |

(iii) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.71-ലെ സർക്കാർ ഉത്തരവ് (എം.എസ്) 154/71/പി.ഡി-യിലെപ്രത്യേക വ്യവസ്ഥകൾക്ക്

അനുസൃതമായി നടത്തുന്നതാണ്.ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചുവർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആയത് 02.12.1991-ലെ ജി.ഒ. (പി) നം. 36/91/പി. ആന്റ് എ.ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. എന്നാൽ 16.03.1996 ലെ ജി.ഒ. (പി) നം. 12/96/പി. ആന്റ് എ.ആർ.ഡി എന്ന സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി, വയനാട്, കാസർഗോഡ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധന ബാധകമല്ല. മേൽപ്പറഞ്ഞ ജില്ലകളിൽ നിന്ന് മറ്റ് ജില്ലകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. ഈ ആനുകൂല്യം അവരുടെ ഔദ്യോഗിക കാലയളവിൽ ഒരിക്കൽ മാത്രമേ ലഭിക്കുകയുള്ളൂ. ഇപ്പോൾ സർക്കാർ സർവീസിൽ ഇതേ ഉദ്യോഗത്തിൽ ഇതേ വകുപ്പിൽ ഏതെങ്കിലും ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് ഈ വിജ്ഞാപനപ്രകാരം അപേക്ഷകൾ അയയ്ക്കുവാൻ അർഹതയില്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കപ്പെടുമ്പോൾ അപേക്ഷി ക്കാവുന്നതാണ്.

(iv) കമ്മീഷൻ തെരഞ്ഞെടുക്കുന്ന ഉദ്യോഗാർത്ഥികൾ താൽക്കാലികമായി നിയമിക്കപ്പെടുന്നതും അവരെ സ്റ്റോക്ക്മാൻ ട്രെയിനിംഗ് കോഴ്സ്/ലൈവ് സ്റ്റോക്ക് അസിസ്റ്റന്റ് കോഴ്സിനു പങ്കെടുപ്പിക്കുന്നതും വിജയകരമായി ട്രെയിനിംഗ് പൂർത്തി യാക്കുന്നവരുടെ താൽക്കാലിക നിയമനം അവരുടെ ആദ്യ നിയമനം മുതൽ സ്വീകരിച്ച് പരിശീലനകാലം റഗുലർ സർവീസായി പരിഗണിക്കുന്നതുമാണ്. ആദ്യ പ്രാവശ്യം പരിശീലന കോഴ്സ് വിജയകരമായി പൂർത്തിയാക്കാത്തവർക്ക് കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിനു മൂന്ന് അവസരങ്ങൾ കൂടി അനുവദിക്കുന്നതാണ്. നാലാമത്തെ പ്രാവശ്യവും ഉദ്യോഗാർത്ഥികൾ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നതിൽ പരാജയപ്പെട്ടാൽ അവരുടെ താൽക്കാലിക നിയമനം റദ്ദ് ചെയ്യുന്നതും അവരെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതുമാണ്. ഉദ്യോഗാർത്ഥികൾക്ക് ട്രെയിനിംഗിനു ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഒരു റാങ്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല.

(v) തെരഞ്ഞെടുക്കുന്ന പക്ഷം ട്രെയിനികൾ കുറഞ്ഞത് അഞ്ചു വർഷക്കാലമെങ്കിലും കേരള സർക്കാരിന്റെ കീഴിൽ സേവനമനുഷ്ഠിച്ചുകൊള്ളാമെന്ന ഒരു ഉടമ്പടി നിർദ്ദിഷ്ട ഫാറത്തിൽ എഴുതി വയ്ക്കേണ്ടതാണ്. ഈ സേവന കാലത്തിനിടയ്ക്കോ പരിശീലന സമയത്തോ പിരിഞ്ഞു പോകുന്ന ട്രെയിനികൾ സർക്കാർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം സർക്കാറിൽ അടയ്ക്കാൻ ബാദ്ധ്യസ്ഥരായിരിക്കും.

(vi) ഓരോ ട്രെയിനിയും ശാരീരിക യോഗ്യത തെളിയിക്കുന്നതിന് ഗവൺമെന്റ് സർവീസിൽ അസിസ്റ്റന്റ് സർജനിൽ കുറയാത്ത ഒരു മെഡിക്കൽ ആഫീസറിൽ നിന്നും വാങ്ങിയ ഒരു സർട്ടിഫിക്കറ്റ് (അസ്സൽ) കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാ ക്കേണ്ടതാണ്.

(Vii) *ഉദ്യോഗാർഥികളുടെ SSLC ബുക്കിൽ രേഖപ്പെടുത്തിയ ജാതിയിൽ നിന്നും വ്യത്യസ്തമായ ജാതി അപേക്ഷയിൽ അവകാശപ്പെടുന്ന പക്ഷം ആയത് അസ്സൽ പ്രമാണ പരിശോധന തീയതിക്കു മുൻപ് ഗസറ്റിൽ വിജ്ഞാപനം ചെയിതിരിക്കേണ്ടതും ജാതി തെളിയിക്കുന്നതിന് റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ് /നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് എന്നതിനോടൊപ്പം*

*ഇത് സംബന്ധിച്ച് ഗസറ്റ് വിജ്ഞാപനം കൂടി ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.*

**5നിയമന രീതി .:** നേരിട്ടുള്ള നിയമനം (എൽ.സി./എ.ഐ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം)

**6പ്രായ പരിധി** : 18-39, ഉദ്യോഗാർത്ഥികൾ 02.01.1979-നും 01.01.2000-നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). [പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2 (i) പ്രകാരമുള്ള ഇളവ് ഉൾപ്പെടെ].

കുറിപ്പ് :- ഉയർന്ന പ്രായപരിധി സംബന്ധിച്ച മറ്റ് വ്യവസ്ഥകൾക്ക് വിജ്ഞാപനത്തിലെ പാർട്ട് II പൊതുവ്യവസ്ഥയിലെ ഖണ്ഡിക 2 കാണുക (ഖണ്ഡിക 2 (I) ഒഴികെ).

7 **യോഗ്യതകൾ** :

ലൈവ് സ്റ്റോക്ക് മാനേജ്മെന്റ് ഐച്ഛിക വിഷയമായി എടുത്ത് വി.എച്ച്.എസ്.ഇ പാസ്സായിരിക്കണം.

<u>കുറിപ്പ്</u> :-(1) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.

(2) തസ്തികയിലേക്കുള്ള തെരഞ്ഞെടുപ്പിന്KS&SSR Part II Rule 10 (a) (ii) ബാധകമാണ്.

(3) തത്തുല്യ യോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ആയത് തെളിയിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഒറ്റത്തവണ പരിശോധനാ സമയത്തോ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്തോ ഹാജരാക്കേണ്ടതാണ്.

8. **അപേക്ഷ സമർപ്പിക്കേണ്ട രീതി**:

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile-ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ `Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31/12/2010-ന് ശേഷം എടുത്തതായിരിക്കണം. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും, ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് Upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാഫീസ് നൽകേണ്ടതില്ല. രജിസ്ട്രേഷൻ കാർഡ് link-ൽ click ചെയ്ത് അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം

അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്

9. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി......................2018 ബുധനാഴ്ച രാത്രി 12 മണി വരെ.

10. **അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം** : www.keralapsc.gov.in.

11. ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ എം ആർ /ഓൺ ലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിനങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നല്കാത്ത ഉദ്യോഗാർഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്ക പ്പെടുന്നതാണ്.സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചുമുള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയിതിട്ടുള്ള മൊബൈലിലും നൽകുന്നതാണ്. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

(ഫോട്ടോ, ഐ.ഡി കാർഡ് എന്നിവയുൾപ്പെടെയുള്ള കൂടുതൽ വിവരങ്ങൾക്ക് വിജ്ഞാപനത്തിലെ പാർട്ട് II ൽ നൽകിയിരിക്കുന്ന പൊതുവ്യവസ്ഥകൾ കൂടി കാണുക.)

**സാജു ജോർജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**

# KERALA PUBLIC SERVICE COMMISSION

## FIRST NCA SHORT NOTIFICATION

***Category No :***

***Name of Post :*** *Livestock Inspector Gr II/Poultry Assistant/Milk Recorder/Store Keeper/Enumerator.*

***Department :*** *Animal Husbandry*

***Scale of Pay :*** *R* ***20000-45800****/-*

***Age :*** *18-39 (02.01.1979-01.01.2000)*

***Vacancies :***

| ***Category*** | ***Age*** | ***Community*** | ***Vacancies*** |
|---|---|---|---|
| | *18-39 (02.01.1979-01.01.2000)* | *LC/AI* | *Idukki- 01 (One)*<br>*Alappuzha -01(One)* |

**SAJU GEORGE**
**SECRETARY,**
**KERALA PUBLIC SERVICE COMMISSION**

## കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ

**ഒന്നാം എൻ.സി.എ. ലഘുവിജ്ഞാപനം**

കാറ്റഗറി നമ്പർ :

തസ്തിക : ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് II / പൗൾട്രി അസിസ്റ്റന്റ് / മിൽക്ക് റെക്കാർഡർ / സ്റ്റോർകീപ്പർ / എന്യൂമറേറ്റർ

വകുപ്പ് : മൃഗസംരക്ഷണ വകുപ്പ്

ശമ്പള നിരക്ക് : `20000-45800/-

പ്രായം : 18- 39 (02.01.1979 - 01.01.2000)

ഒഴിവുകൾ :

| **കാറ്റഗറി നമ്പർ** | **പ്രായം** | **സമുദായം** | **ഒഴിവുകളുടെ എണ്ണം** |
|---|---|---|---|
| | *18- 39 (02.01.1979 - 01.01.2000)* | *എൽ.സി / എ.ഐ* | *ഇടുക്കി - 01 (ഒന്ന്) ആലപ്പുഴ -01(ഒന്ന്)* |

**സാജുജോർജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവീസ് കമ്മീഷൻ**